# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1930 17.12.2012 ലെ മറുപടിക്ക്

**കണ്ണൂർ വിമാനത്താവള പദ്ധതിയ്ക്കായി മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക് സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള പദ്ധതിക്കായി മൂന്നാം ഘട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കൽ നടപടിയിലുള്ള 783 ഏക്കർ ഭൂമിയിൽ കാലഹരണപ്പെട്ടത് കഴിച്ച് ബാക്കി 656 ഏക്കർ ഭൂമി സംബന്ധിച്ച് ഡിഎൽപിസി ശുപാർശ ചെയ്ത ഭൂവില അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഭൂമി വിലസംബന്ധിച്ച് നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ഉഭയകക്ഷി സമ്മതപ്രകാരമാണ് ഡിഎൽപിസി യിൽ ഭൂവില നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിലയ്ക്ക് ഭൂമി വിട്ടുതരാൻ തയ്യാറാകാത്തവരും രേഖകൾ സംബന്ധിച്ച് മറ്റു പ്രശ്നങ്ങൾ ഉള്ള ചുരുക്കം പേർ സമ്മതപത്രം നൽകിയിട്ടില്ല. 900 ലധികം കൈവശങ്ങളിൽ 75 ൽ താഴെ കൈവശക്കാർ മാത്രമാണ് വിവിധ കാരണങ്ങളാൽ സമ്മതപത്രം നൽകാൻ ബാക്കിയുള്ളത്. |

സെക്ഷൻ ഓഫീസർ